ബാധിക്കും. അതുകൊണ്ട് ഇന്നത്തെ ഭക്ഷ്യ വകുപ്പുമന്ത്രിയും ഇന്നത്തെ ആരോഗ്യ വകുപ്പുമന്ത്രിയും ഉൾക്കൊള്ളുന്ന മന്ത്രിസഭ തന്നെ ഈ തീരുമാനമെടുത്ത സാഹചര്യത്തിൽ, ഈ രണ്ടു മന്ത്രിമാരും മന്ത്രിസഭയിൽ നിന്ന് മാറി നിൽക്കാതെ നടത്തുന്ന ജുഡീഷ്യൽ അന്വേഷണം പ്രഹസനമായിരിക്കും. ഇതൊരു പുതിയ കീഴ്വഴക്കം സൃഷ്ടിക്കും. മന്ത്രിസഭ ഇങ്ങനെ ഒരു തീരുമാനമെടുത്ത ശേഷം അതുമായി ബന്ധപ്പെട്ട വ്യക്തികൾ മന്ത്രിമാരായി തുടരുന്ന പാരമ്പര്യം ഈ കേരളത്തിലില്ല. ബഹുമാനപ്പെട്ട ചെയർ ഇതിൽ ഇടപെടണം. ഗവൺമെന്റിൽ നിന്ന് അങ്ങ് വിശദീകരണം തേടണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: സർ, സിവിൽ സപ്ലൈസ് കോർപ്പറേഷനെക്കുറിച്ച് അടിസ്ഥാനരഹിതമായി ആരോപണമുണ്ടായപ്പോൾ മന്ത്രി തന്നെ അതിനെക്കുറിച്ച് അന്വേഷിക്കണമെന്ന് ഈ സഭയിൽ പറയുകയും ഗവൺമെന്റിൽ ആവശ്യപ്പെടുകയുമാണ് ചെയ്തത്. ഇത് മന്ത്രിമാർക്ക് എതിരെയുള്ള അന്വേഷണമല്ല. ഇപ്പോഴത്തെ മന്ത്രിക്ക് എതിരെയും അല്ല മുൻപുള്ള മന്ത്രിക്ക് എതിരേയുമല്ല. ഇത് കോർപ്പറേഷന്റെ കഴിഞ്ഞ പത്തു കൊല്ലക്കാലത്തെ പ്രവർത്തനത്തെ സംബന്ധിച്ചുള്ള അന്വേഷണമാണ്; അല്ലാതെ ഒരു മന്ത്രിക്ക് എതിരേയുമുള്ള അന്വേഷണമല്ല. അതുകൊണ്ട് പ്രശ്നമൊന്നുമില്ല.

[അദ്ധ്യക്ഷവേദിയിൽ ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ]

(11) പെരിങ്ങളം മണ്ഡലത്തിലെ പുത്തൂർ ശുദ്ധജലവിതരണ പദ്ധതി

ശ്രീ. കെ. പി. മോഹനൻ: സർ, പെരിങ്ങളം നിയോജകമണ്ഡലത്തിലെ കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിൽ പുത്തൂർ ശുദ്ധജല പദ്ധതി 1987-ന് മുപ്പത്തിയഞ്ചു ലക്ഷം രൂപ എസ്റ്റിമേറ്റിൽ തുടങ്ങിയതാണ്. പുത്തൂർ, കൈവേലയ്ക്കൽ തുടങ്ങിയ പ്രദേശങ്ങളിൽ 42 വാട്ടർ ടാപ്പുകൾ ഉപയോഗിച്ചു കൊണ്ടുള്ള ശുദ്ധജലവിതരണ പദ്ധതി ആയിരുന്നു ഇത്. എന്നാൽ 2005 ആയിട്ടും ഇത് പൂർത്തിയായിട്ടില്ല എന്നു മാത്രമല്ല ഏകദേശം ഒരു കോടി രൂപയോളം ചെലവാകാൻ പോകുകയാണ്. ഗുണനിലവാരമില്ലാത്ത പൈപ്പുകളും മറ്റും ഉപയോഗിച്ച് പ്രവർത്തനം ആരംഭിച്ച പുത്തൂർ ശുദ്ധജലപദ്ധതിയിൽ 17 ടാപ്പുകൾ മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. അതും പൊട്ടിപ്പൊളിയുകയാണ്. പദ്ധതിയുടെ പ്രവർത്തനത്തിൽ ഉണ്ടായ ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കുകയും പൂർണ്ണമായി പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (*ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ*): സർ, പെരിങ്ങളം നിയോജകമണ്ഡലത്തിലെ ഈ പദ്ധതിയിൽ സോൺ ഒന്നിൽ രണ്ടു കിണറുകളും ഒരു കുഴൽക്കിണറും ഒരു ഓപ്പൺ വെല്ലും, സോൺ രണ്ടിൽ ഒരു കിണറും ഉണ്ട്. ഇതിൽ സോൺ ഒന്നിലുള്ള കുഴൽക്കിണറിൽ നിന്ന് പമ്പ് ചെയ്യാൻ സമീപവാസികൾ സമ്മതിക്കുന്നില്ല. മേൽക്കാര്യം പഞ്ചായത്ത് അധികൃതരെ അറിയിക്കുകയും പരിഹാരം ഉണ്ടാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ പഞ്ചായത്ത് അധികൃതർ പ്രശ്നം പരിഹരിച്ചതായി അറിയിച്ചിട്ടില്ല. സോൺ ഒന്നിലെ ഓപ്പൺ വെല്ലിൽ നിന്നും കൂടുതൽ വെള്ളം പമ്പ് ചെയ്യാൻ ജനങ്ങൾ സമ്മതിക്കാത്തതിനാലും സ്രോതസ് അപര്യാപ്തമായതിനാലും ഈ സോണിൽ ആറ് ടാപ്പുകളിൽക്കൂടി മാത്രമേ വെള്ളം കൊടുക്കാൻ സാധിക്കുന്നുള്ളൂ. സോൺ രണ്ടിലുള്ള കിണറിലും ജലത്തിന്റെ ലഭ്യതക്കുറവുണ്ട്. ഗുണനിലവാരമുള്ള പൈപ്പുകളാണ് പദ്ധതിക്കുവേണ്ടി ഉപയോഗിക്കുന്നതെന്നാണ് ഡിപ്പാർട്ടുമെന്റിൽ നിന്ന് അറിയിച്ചിട്ടുള്ളത്. എന്നാൽ റോഡിന്റെ നവീകരണ പ്രവർത്തനങ്ങൾ ചെയ്യുമ്പോഴും കേബിളിന്റെ പണികൾ നടക്കുമ്പോഴും പൈപ്പുകൾക്ക് അങ്ങിങ്ങ് കേടുപാടുകൾ സംഭവിക്കാറുണ്ട്. ധാരാളം ജലലഭ്യതയുള്ള സോൺ ഒന്നിലെ കുഴൽ കിണറ്റിൽ നിന്ന് ജലം പമ്പ് ചെയ്യുന്നതിനുള്ള തടസ്സം ഒഴിവാക്കി പൂർണ്ണമായി ജലവിതരണം നടത്താൻ കഴിയുന്നതാണ്.

ശ്രീ. കെ. പി. മോഹനൻ: ക്രമക്കേടുകളെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: എനിക്ക് ഇവിടെനിന്നാൽ ഫാൻ ഇരിക്കുന്നതുകൊണ്ട് അദ്ദേഹത്തിന്റെ മുഖം കാണാൻ സാധിക്കില്ല. ഇക്കൂട്ടത്തിൽ ക്രമക്കേടിനെക്കുറിച്ച് പറഞ്ഞിട്ടുള്ളത് അദ്ദേഹം എഴുതിത്തന്നാൽ നിശ്ചയമായും ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

(12) കൊടുവള്ളി നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

ശ്രീ. സി. മമ്മൂട്ടി: സർ, വളരെക്കാലമായി എന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതമാണ് വോൾട്ടേജ് ക്ഷാമവും അതു പോലെ വൈദ്യുതി വിതരണരംഗത്തെ തകരാറുകളും. ഈ പ്രശ്നം പരിഹരിക്കാൻ വേണ്ടി 110 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യം ഇലക്ട്രിസിറ്റി ബോർഡിന് മുമ്പിൽ സമർപ്പിച്ചു. അത് ഗവണ്മെന്റിന്റെ പരിഗണനയിലാണ്. എത്രയും പെട്ടെന്ന് 110 കെ. വി. സബ്സ്റ്റേഷൻ അനുവദിച്ച് അങ്ങയുടെ കാലത്തുതന്നെ അത് ഉദ്ഘാടനം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

11.00 A. M.]